വൈദ്യുതജലസേചന പദ്ധതി.

* 665. [32] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദ്യുതജലസേചനപദ്ധതികൾ ഏതെല്ലാം ;

(ബി) ഇടുക്കി, തൊമ്മൻകുത്ത് എന്നീ പദ്ധതികൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുമോ ;

(സി) ഈ പദ്ധതികളുടെ പ്രായോഗികതയെ മനസ്സിലാക്കുന്നതിനു വേണ്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. ഐ. വേലായുധൻ) :

(എ) പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് സ്റ്റേഷനിൽ നാലാമതു് ഉൽപ്പാദനകേന്ദ്രസ്ഥാപനം, നേരിയമംഗലം, ഷോലയാർ, പെരിങ്ങൽക്കുത്ത് റൈറ്റ്ബാങ്ക്, പന്നിയാർ, ലക്ഷ്മി, പമ്പയാർ, കാക്കയാർ എന്നീ വൈദ്യുതപദ്ധതികളും, നെയ്യാർ രണ്ടാംഘട്ടം, ചാലക്കുടി രണ്ടാംഘട്ടം, പെരിയാർവാലി (ഭൂതത്താൻകെട്ടും അതിരപ്പള്ളിയും പദ്ധതികൾ), പമ്പാവാലി (ജലസേചനപദ്ധതി), ചീരക്കുഴി, കാണാട്ടുകര, മുട്ടപ്പള്ളി കട്ട്സ്കീം, പട്ടണംകാൽ, ചിറ്റാർ എന്നീ ജലസേചനപദ്ധതികളും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുന്നു.

(ബി) തൊമ്മൻകുത്തു പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുന്നു. ഇടുക്കിപദ്ധതി ഉൾപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുന്നില്ല.

(സി)&(ഡി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടി വിശദമായ അന്വേഷണങ്ങൾ നടത്തിവരികയാണു്. ഇതിൽ ചില പദ്ധതികളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടു്. മറ്റു പദ്ധതികളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനു് ചീഫ് ഇൻജിനീയർമാർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശുദ്ധജലവിതരണം.

* 666. [33] ശ്രീ. ജെ. എ. ജട്ടു് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ ശുദ്ധജലവിതരണാവശ്യങ്ങൾക്കുവേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നും ആദ്യത്തെ പഞ്ചവത്സര പദ്ധതിയിൽ എത്ര സംഖ്യ അനുവദിച്ചിട്ടുണ്ടു് ;

(ബി) ഈ സംഖ്യ ഏതൊക്കെ പണികൾക്കു വേണ്ടിയാണു് വിനിയോഗിക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ളതു് ;

(സി) ഏതൊക്കെ പണികളാണു് ഇതുവരെ തുടങ്ങിയിട്ടുള്ളതു് ;

LIBRARY ARCHIVES Kerala Legislative Assembly